PATCHED 04/06/2020

28/02/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No.2360(1)/2019**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.16985/എസ്.ഐ.സി-ജി 4/2019)*

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. രാജേഷ് ബാബു.,
കൊങ്കോട്ടിൽ വീട്, തെങ്ങര,
മണ്ണാർക്കാട്, പാലക്കാട് } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, മണ്ണാർക്കാട്, പാലക്കാട്
2. അപ്പീൽ അധികാരി & റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, പാലക്കാട്

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 28.05.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 21.06.2019 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 20.07.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 26.08.2019 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 19.10.2019 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 23.10.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 21.11.2019 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 12.12.2019 |
| ഹിയറിംഗ് തീയതി & സ്ഥലം | 12.02.2020, 28.02.2020 & വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, പാലക്കാട് |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഒന്നാം എതിർകക്ഷികൾ<br>അപ്പീൽ ഹർജിക്കാരൻ | <br>ഹാജരായി (28.02.2020)<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. രാജേഷ് ബാബു, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ വസ്തുതാവിരുദ്ധമായ മറുപടിയാണ് ഒന്നാം എതിർകക്ഷി നൽകിയതെന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് ടി വിഷയത്തിൽ നിയമോചിതമായ നടപടി കൈക്കൊണ്ട് ഹർജിക്കാരന് മറുപടി നൽകുവാൻ നിർദ്ദേശം നൽകിയിരുന്നുവെന്നും എന്നാൽ എതിർകക്ഷിക്കെതിരെ അനുകൂല നിലപാടാണ് ഒന്നാം എതിർകക്ഷി സ്വീകരിച്ചതെന്നും മറ്റുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i. അഡ്വ. അജിത് കുമാർ pleader, (doing govt works of Kerala) എന്ന ബോർഡ് അനധികൃതമായി വച്ചത് എടുത്തുമാറ്റാൻ നടപടി എടുക്കണമെന്നു കാണിച്ച് പരാതി ലഭിച്ചിട്ടുണ്ടോ എന്നും

ii. ടി പരാതിയിൽ നടപടി എടുത്തിട്ടില്ലെങ്കിൽ അതിന്റെ കാരണം എന്തെന്നും

iii. ടി പരാതിയിൽ നടപടി എടുത്തിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് നൽകണമെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ പകർപ്പിന് പണം ഒടുക്കാൻ ആവശ്യപ്പെട്ടിരുന്നുവെന്നും ആയതു പ്രകാരം ഫീസ് ഒടുക്കി ചെലാൻ ഹാജരാക്കിയെങ്കിലും പേന കൊണ്ട് എഴുതിയ രണ്ടു പേജു മാത്രമാണ് നൽകിയിട്ടുള്ളതെന്നും യാതൊരു രേഖയും നൽകുന്നതിൽ ഒന്നാം എതിർകക്ഷി തയ്യാറായിട്ടില്ല എന്നും മൂന്നാം ഇനത്തിൽ ആവശ്യപ്പെട്ട ഉത്തരവിന്റെ പകർപ്പ് നൽകിയിട്ടില്ല എന്നും മറ്റുമാണ്. ടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന് നൽകിയ മറുപടിയിൽ പകർപ്പ് ലഭിക്കാൻ പേജ് (എ-4) ഒന്നിന് 2 രൂപ അടച്ച് അപേക്ഷിക്കണമെന്നാണ് അറിയിച്ചതെന്നും ആയതിൽ

ബന്ധപ്പെട്ട പകർപ്പ് എത്ര പേജുകൾ ഉണ്ടെന്നോ, എത്ര രൂപ അടയ്ക്കണമെന്നോ വ്യക്തമാക്കിയില്ല എന്നും ഒന്നാം എതിർകക്ഷി പ്ലീഡർ/പ്രോസിക്യൂട്ടർ എന്ന തരത്തിലുള്ള നാമഫലകങ്ങൾ ഉടൻ നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് മണ്ണാർക്കാട് ബാർ അസോസിയേഷന് കത്തു നൽകിയതായി കാണുന്നുണ്ടെങ്കിലും നിയമം ലംഘിച്ചതിന് വാഹന ഉടമക്കെതിരെ കൈക്കൊണ്ട നടപടി വിവരങ്ങൾ നൽകിയിട്ടില്ല എന്നും വിവരാവകാശ നിയമ പ്രകാരമുള്ള മറുപടി കൈപ്പടയിൽ എഴുതി നൽകുന്നത് വായിച്ചു മനസിലാക്കാൻ ബുദ്ധിമുട്ട് ഉണ്ടാകുന്ന സാഹചര്യം കണക്കിലെടുത്ത് മറുപടി ടൈപ്പ് ചെയ്തു നൽകണമെന്ന് നിർദ്ദേശിക്കുന്നുവെന്നും പരാമർശിത വാഹനത്തിൽ നിന്ന് അനധികൃത നാമഫലകങ്ങൾ നീക്കം ചെയ്തതിനു ശേഷം എടുത്ത ചിത്രങ്ങളുടെ പകർപ്പുകൾ ഹർജിക്കാരന് നൽകുന്നുവെന്നുമാണ്.

3. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയ്ക്കുള്ള മറുപടി തീയതി രേഖപ്പെടുത്താതെ അയച്ചതും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ എത്ര പേജുകളിൽ അടങ്ങിയിരിക്കുന്നുവെന്നും ആയതിന് ആകെ എത്ര തുക ഒടുക്കണമെന്ന് അറിയിക്കാത്തതും ഒന്നാം എതിർകക്ഷിയുടെ ഭാഗത്തു നിന്നും സംഭവിച്ച വീഴ്ചയാണെന്നും ഹർജിക്കാരന്റെ അപേക്ഷ കൈകാര്യം ചെയ്യുന്നതിൽ ശ്രദ്ധക്കുറവുമൂലം ഒന്നാം എതിർകക്ഷിക്ക് ചില വീഴ്ചകൾ പറ്റിയിട്ടുണ്ടെങ്കിലും ലഭ്യമായ വിവരങ്ങൾ ഹർജിക്കാരന് നൽകിയതായും ഹർജിക്കാരന്റെ പരാതിയിൽ ഉന്നയിക്കപ്പെട്ട വിഷയത്തിൽ സാധ്യമായ എല്ലാ പ്രായോഗിക നടപടികളും കൈക്കൊണ്ടതായി കാണുന്നുവെന്നുമാണ്.

4. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ പരാതിയിന്മേൽ എടുത്ത നടപടി സംബന്ധിച്ച് ഹർജിക്കാരന് മറുപടി നൽകിയിരുന്നുവെന്നും ആ അവസരത്തിൽ ഹർജിക്കാരൻ ട്രാൻസ്പോർട്ട് കമ്മീഷണർക്കു നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് ആവശ്യപ്പെട്ടതിനെ തുടർന്ന് ടി പരാതി അന്വേഷിക്കാൻ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിരുന്നുവെന്നും ആ ഉദ്യോഗസ്ഥൻ മുഖേന നിമയലംഘകരായ അഭിഭാഷകരുടെ വാഹനങ്ങളിൽനിന്ന് നാമഫലകങ്ങൾ നീക്കം ചെയ്യാൻ ആവശ്യപ്പെട്ട് മണ്ണാർക്കാട് ബാർ അസോസിയേഷന് കത്തു നൽകിയിരുന്നുവെന്നും പരാതിയിൽ ചൂണ്ടിക്കാട്ടിയ കെ.എൽ. 50 ബി 5053 മോട്ടോർ കാറിൽ നിന്ന് നാമഫലകം നീക്കം ചെയ്തതിന്റെ ഛായാ ചിത്രം സമർപ്പിക്കുകയും ചെയ്തിരുന്നവെന്നും ടി കാറിൽ ഇപ്പോഴും

നാമഫലകം പ്രദർശിപ്പിക്കുന്നുണ്ടെന്ന് പരാതിപ്പെട്ട് ഹർജിക്കാരൻ ആർ.ടി.ഒ.ക്ക് പരാതി നൽകിയെന്നും ആയതിന്റെ അടിസ്ഥാനത്തിൽ വീണ്ടും അന്വേഷണം നടത്തിയെങ്കിലും നാമഫലകം പ്രദർശിപ്പിച്ചതായി കണ്ടെത്തിയില്ല എന്നു റിപ്പോർട്ട് ചെയ്തുവെന്നും അത്തരത്തിലുള്ള നിരീക്ഷണം തുടരുന്നുവെന്നുമാണ്.

5. കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരൻ പ്രസ്താവിച്ചത്, കമ്മീഷൻ മുമ്പാകെ ഹിയറിംഗിന് ഹാജരായ ദിവസവും ബന്ധപ്പെട്ട കാറിൽ നാമഫലകം വച്ചിട്ടുണ്ടായിരുന്നുവെന്നും ജോയിന്റ് ആർ.ടി.ഒ.യുടെ ഓഫീസും കോടതിയും ഒരു കോമ്പൗണ്ടിൽ തന്നെയാണ് പ്രവർത്തിക്കുന്നതെന്നും ടിയാന് നൽകിയിട്ടുള്ള മറുപടി കളവാണെന്ന് ആയതിൽ നിന്നും ബോധ്യമാകുന്നതാണെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ തീയതി രേഖപ്പെടുത്തിയിരുന്നില്ല എന്നും മൂന്നാം ഇനത്തിൽ ആവശ്യപ്പെട്ട രേഖ സംബന്ധിച്ച് വിവരാവകാശ നിയമത്തിലെ 7(3)(എ) വകുപ്പു പ്രകാരമുള്ള പൂർണ്ണ വിവരങ്ങൾ നൽകിയിരുന്നില്ല എന്നും ഒന്നാം എതിർകക്ഷിയുടെ പേരു നൽകിയിരുന്നില്ല എന്നും ഒന്നാം അപ്പീൽ അധികാരിയുടെ അഡ്രസ്സും അപ്പീൽ കാലാവധി സംബന്ധിച്ച വിവരവും നൽകിയിരുന്നില്ല എന്നും കാണുന്നു. ടി വീഴ്ചകൾ വിവരാവകാശ നിയമ പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പു പ്രകാരമുള്ള ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ടു ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

RIGHT TO INFORMATION

7. ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് ഒന്നാം എതിർകക്ഷി ഓഫീസിലെ ഫയലുകളിലും രജിസ്റ്ററുകളിലും ലഭ്യമായിട്ടുള്ള വിവരങ്ങളാണ് ഹർജിക്കാരന് നൽകിയിട്ടുള്ളതെന്നു കാണുന്നു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയ പ്രകാരമുള്ള മോട്ടോർ വാഹന നിയമ പ്രകാരമുള്ള ലംഘനം ബന്ധപ്പെട്ട കക്ഷി തുടരുന്നുണ്ടെങ്കിൽ ആയതു സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പിലെ മേലധികാരികൾക്ക് പരാതികൾ നൽകി പ്രശ്ന പരിഹാരം തേടാവുന്നതാണ്. അക്കാര്യം വിവരാവകാശ നിയമ പ്രകാരം പരിശോധിക്കുവാൻ നിർവ്വാഹമില്ല.

8. മേൽ പ്രസ്താവിച്ച ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020, ഫെബ്രുവരി 28– ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)

വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
dp

RIGHT TO INFORMATION